**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2491**

**09.12.2014-ൽ മറുപടിയ്ക്ക്**

**<u>കെ.എം.എം.എൽ-ലെ ക്രമക്കേട്</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.എം.എ.ബേബി** | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| **(എ)** കെ.എം.എം.എൽ-ലെ വിവിധ കോൺട്രാക്ട് വർക്കുകൾക്ക് കോൺട്രാക്ട് തുകയ്ക്ക് പുറമേ കോൺട്രാക്ടർമാർ അടക്കേണ്ട സർവ്വീസ് ടാക്സ് കൂടി അധികമായി കോൺട്രാക്ടർമാർക്ക് നൽകിയിട്ടുള്ളതു സംബന്ധിച്ച 2011-C&AG-യുടെ ഓഡിറ്റ് റിപ്പോർട്ടിൽ എത്ര ലക്ഷം രൂപയാണ് ക്രമക്കേട് കണ്ടെത്തിയത് എന്ന് വ്യക്തമാക്കാമോ; | **(എ)** കെ.എം.എം.എൽ ലെ കോൺട്രാക്ടർ 'ഭവാനി ഇറക്ടേഴ്സ്' എന്ന സ്ഥാപനത്തിന് കോൺട്രാക്ട് തുകയ്ക്ക് പുറമെ കോൺട്രാക്ടർ അടയ്ക്കേണ്ട സർവ്വീസ് ടാക്സ് കൂടി അധികമായി കോൺട്രാക്ടർക്ക് നൽകിയതിനെ സംബന്ധിച്ച് 2011 ൽ സി ആന്റ് എ.ജി.യുടെ ഓഡിറ്റ് പ്രകാരം കമ്പനി 51.86 ലക്ഷം രൂപ അധികമായി നൽകിയിട്ടുണ്ട്. |
| **(ബി)** ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും, നടപടി സ്വീകരിച്ചില്ലെങ്കിൽ എന്താണ് നടപടി സ്വീകരിക്കാത്തതിന് കാരണമെന്നും വ്യക്തമാക്കുമോ? | **(ബി)** 1.10.2014 ൽ കൂടിയ ഡയറക്ടർ ബോർഡ് ഇക്കാര്യം ചർച്ച ചെയ്യുകയും അടുത്ത ഡയറക്ടർ ബോർഡ് യോഗത്തിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. അതിൻ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ